// VERAPOLY
ARCHDIOCESAN GAZETTE
വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. L - JK 10 2017 September 27 No. 10

## CIRCULAR - 28

# മിഷൻ കോൺഗ്രസ്സ്
# &
# ബി.സി.സി. കൺവെൻഷൻ 2017

*ബഹുമാനപ്പെട്ട വൈദികരേ,*
*സന്യസ്ത സഹോദരരേ, പ്രിയമക്കളേ,*

കഴിഞ്ഞ 15 കൊല്ലങ്ങളായി കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ കേരള ലത്തീൻ സഭയുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും സജീവമാക്കാനും കാലോചിതമായി നവീകരിക്കാനും നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ സംരഭത്തിൽ എല്ലാവരെയും പങ്കാളികളാക്കാനായി മൂന്നു കൊല്ലം മുമ്പ് 2014 ഒക്ടോബർ മാസം 19-ാം തീയതി ആരംഭിച്ച മിഷൻ കോൺഗ്രസ്സിനും ബി.സി.സി. കൺവെൻഷനും വേണ്ടിയുള്ള ഒരുക്കങ്ങളുടെ സമാപനഘട്ടത്തിലേക്കു നാം പ്രവേശിക്കുകയാണ്. ഇതോടനുബന്ധിച്ച് എല്ലാവരുടെയും സജീവ പങ്കാളിത്തത്തോടെ ഇടവകകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട സംവിധാനങ്ങൾ നാം രൂപപ്പെടുത്തുകയുണ്ടായി. പ്രേഷിതസഭയായും പങ്കാളിത്തസഭയായും ഒരേ വീക്ഷണത്തോടും സംവിധാനത്തോടും

മുന്നോട്ടുപോകുന്ന പ്രാദേശികസഭയായി ക്രിസ്തുനാഥന് സാക്ഷ്യം വഹിക്കുന്നതിനാണ് നാം ഊന്നൽ നല്കുന്നത്. വിവിധ ശുശ്രൂഷ കളെ ഏകോപിപ്പിച്ചുകൊണ്ട് സുവിശേഷാധിഷ്ഠിതമൂല്യങ്ങളിലും വിശ്വാസചൈതന്യത്തിലും അടിയുറച്ച ജീവിതം നയിക്കുവാൻ സഹാ യിക്കുന്ന വേദികളായി ബി.സി.സി.കൾ മാറിക്കൊണ്ടിരിക്കുന്നു.

സഭാശുശ്രൂഷകളിൽ പ്രതിനിധികളിലൂടെ എല്ലാവരുടെയും പ്രാർഥനാ നിർഭരമായ സഹായവും സഹകരണവും ഉറപ്പാക്കാനാണ് 2017 ഒക്ടോബർ മാസം 6,7,8 തീയതികളിൽ വല്ലാർപാടത്തുവച്ച് മിഷൻ കോൺഗ്രസ്സും ബി.സി.സി.സംഗമവും സംഘടിപ്പിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച് എല്ലാ സഭാസമൂഹങ്ങളുടെയും സഹകരണം ആവശ്യമുള്ള നാലു കാര്യങ്ങൾ ഈ വിജ്ഞാപനത്തിലൂടെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**ഒന്നാമതായി, ദശവത്സരപദ്ധതികളുടെ പ്രകാശനം.** വരുന്ന പത്തുവർഷത്തേക്ക് നമ്മുടെ അജപാലന പ്രവർത്തനങ്ങളിൽ ഉണ്ടാ യിരിക്കേണ്ട ദർശനങ്ങളും ദിശാബോധവും ഉൾക്കൊള്ളുന്നതാണ് ഈ ദശവത്സര പദ്ധതി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ രൂപത കമ്മീഷ നുകളും ശുശ്രൂഷാസമിതികളും സംഘടനകളും അവരവരുടെ അജ പാലനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ദൈവം ആഗ്രഹി ക്കുന്ന രീതിയിൽ പങ്കാളിത്ത ദർശനം എല്ലാ മേഖലകളിലും യാഥാർ ത്ഥ്യമാക്കുവാൻ നാം ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. മിഷൻ കോൺഗ്രസ്സിലൂടെയും ബിസിസി കൺവെൻഷനിലൂടെയും പങ്കാളിത്ത പ്രവർത്തനങ്ങളുടെ പുതിയ രീതികളും ദർശനങ്ങളും കൂടു തൽ വ്യക്തമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കും. സഭാ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പങ്കാളിത്തദർശനവും അത നുസരിച്ചുള്ള ജീവിതരീതികളും അഭ്യസിക്കുവാൻ നമുക്ക് കഴിയണം. പാരിഷ് പാസ്റ്ററൽ കൗൺസിലും ഇടവക ധനകാര്യ സമിതിയും മറ്റു ശുശ്രൂഷാസമിതികളും അതിനുസഹായകമായ സംവിധാനങ്ങളാണ്.

**രണ്ടാമതായി ഹാർട്ട് ടു ഹാർട്ട് എന്ന മിഷൻ ലിങ്കേജ് പരി പാടിയുടെ ഉദ്ഘാടനം.** കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളും വടക്കേഇന്ത്യയിലെ പന്ത്രണ്ട് മിഷൻ രൂപതകളുമായി പ്രേഷിത

കൂട്ടായ്മ ഇതിലൂടെ ആരംഭിക്കുകയാണ്. നമ്മുടെ രൂപതകളിലെ സുവിശേഷവത്കരണ കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് തുടർന്നുകൊണ്ടു പോകുന്നതാണ്. എല്ലാവരും പ്രേഷിതരാണ് എന്ന ചിന്ത മിഷൻ കോൺഗ്രസ്സിലൂടെയും ബിസിസി കൺവെൻഷനിലൂടെയും നാം പങ്കുവയ്ക്കുന്നതാണ്. ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാരെ അയച്ചുകൊണ്ട് ആരംഭിച്ച ദൗത്യം ഇടമുറിയാതെ ഇന്നും തുടർന്നുകൊണ്ടുപോകാൻ ഇതു നമ്മെ പ്രചോദിപ്പിക്കുന്നു. ഇത് പ്രധാനമായും ഒരു ആത്മീയ കൂട്ടായ്മയാണ്. രണ്ടു രൂപതകളും തമ്മിൽ പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് ആത്മീയ ബന്ധത്തിലേക്കു വരുന്നു. പരസ്പരം രൂപതകളെ അടുത്തറിഞ്ഞുകൊണ്ട് ഉളവാകുന്ന പ്രാർത്ഥനാകൂട്ടായ്മ തുടർപ്രേഷിതപ്രവർത്തനങ്ങൾക്കു സാധ്യത ഉണ്ടാക്കും. പ്രേഷിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും രൂപതകൾ സന്ദർശിച്ചുകൊണ്ട് ക്രൈസ്തവവിശ്വാസത്തെ ആഴപ്പെടുത്തുവാനും ഈ ലിങ്കേജ് സഹായകമായിരിക്കും. രൂപതാംഗങ്ങൾക്ക് കൂടുതൽ സ്വതന്ത്രമായി മിഷൻ പ്രവർത്തനമേഖല കണ്ടെത്തി കടന്നുചെല്ലാനും ക്രിസ്തുസാക്ഷ്യം പകർന്നു നല്കാനും ഇത് അവസരങ്ങൾ സൃഷ്ടിക്കും. സന്ദർശനവും ബന്ധങ്ങളും വഴി ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കി ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ദൈവരാജ്യ നിർമ്മാണപ്രക്രിയയിൽ ഒരുമിച്ച് മുന്നേറുന്നതിനും നമുക്കു കഴിയും.

**മൂന്നാമതായി ഫാത്തിമാ ദർശനത്തിന്റെ നൂറാം വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ ഒരുമിച്ചുകൂടുന്ന പ്രതിനിധികൾ ഒക്ടോബർ മാസം 8-ാം തീയതി മാതാവിന്റെ വിമല ഹൃദയത്തിന് കേരള സഭയെ സമർപ്പിക്കും.** അന്നു തന്നെ നമ്മുടെ എല്ലാ ദേവാലയങ്ങളിലും നടക്കുന്ന ദിവ്യബലിയിൽ മാതാവിന്റെ വിമലഹൃദയത്തിനായി നമ്മെത്തന്നെയും നമ്മുടെ ഇടവകകളെയും സമർപ്പിച്ചുകൊണ്ടുള്ള പ്രത്യേക പ്രാർത്ഥന നടത്തുന്നതാണ്. വിമലഹൃദയപ്രതിഷ്ഠ ഒരു പുതിയ അനുഭവത്തിലേക്കു കേരള ലത്തീൻ സഭയെ നയിക്കുകയും മാതാവിന്റെ നിരന്തരസംരക്ഷണവും സാന്ത്വനവും അനുഭവിക്കുവാൻ സഹായിക്കുകയും ചെയ്യും. വിശ്വാസജീവിതം നേരിടുന്ന പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് അവയെ അതിജീവിച്ചു ക്രിസ്തുനാഥനുമായുള്ള ബന്ധത്തിൽ മുന്നേറുവാൻ ഇതു നമ്മെ ശക്തി

പ്പെടുത്തും. യേശുക്രിസ്തുവിന്റെ രക്ഷണീയ പ്രവൃത്തികൾ നമ്മിൽ ഫലമണിയുവാൻ മാതാവിന്റെ മദ്ധ്യസ്ഥസഹായം അനുഗ്രഹപ്രദമായിരിക്കും. പ്രാദേശികസഭയായ നമുക്ക് സ്വർഗീയ തുറമുഖത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനത്തിൽ തിന്മകളുടെ ശക്തികളെ തിരിച്ചറിയുവാനും അവയെ അതിജീവിച്ച് മുന്നേറാനും മാതാവിന്റെ സംരക്ഷണം ഏറെ ബലമേകും.

**നാലാമതായി മിഷൻ ക്രോസ്:** മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും തുടർച്ചയായി ഓരോ രൂപതകൾക്കും ഓരോ മിഷൻ ക്രോസ് നല്കുകയാണ്. ഈ കുരിശ് ഓരോ ഇടവകകളിലും കൊണ്ടുപോകേണ്ടതാണ്. ഈ കുരിശ് ഒരു ഇടവകയിൽ എത്തുമ്പോൾ ആ ഇടവകയിൽനിന്നും മിഷൻ കോൺഗ്രസ്സിലും ബി.സി.സി. കൺവെൻഷനിലും പങ്കെടുത്ത വ്യക്തികൾ അവർക്കുണ്ടായ അനുഭവങ്ങളും പുതിയ കാഴ്ചപ്പാടുകളും ബി.സി.സി. ഭാരവാഹികൾക്കും മറ്റു നേതാക്കൾക്കുമായി പകർന്നുകൊടുക്കുന്നു. അവർ തങ്ങളുടെ ബി.സി.സി. യോഗങ്ങളിൽ ഈ കാര്യങ്ങൾ തുടർന്നു പങ്കുവയ്ക്കുന്നു. അതിലൂടെ ലത്തീൻസഭയിലെ എല്ലാ വിശ്വാസികളും മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും അനുഭവത്തിലേക്ക് ഒരു ഹൃദയവും മനസ്സുമായി ഒന്നുചേരുന്നു. മിഷൻ കുരിശ് കാണുമ്പോൾ നാം തുടർന്നുകൊണ്ടുപോകേണ്ട പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചിന്ത നമ്മിലുണരുന്നു. ഒരു ഇടവകയിൽ നിന്നും മറ്റ് ഇടവകകളിലേക്കു പ്രയാണം ചെയ്യുന്ന കുരിശ് നമ്മുടെതന്നെ ജീവിതത്തിലുള്ള ദൈവികപ്രയാണത്തിനു ശക്തിപകരും. ഓരോ രൂപതയും അവരവരുടേതായ തനിമ നിലനിർത്തിക്കൊണ്ടുതന്നെ ക്രിസ്തുനാഥന്റെ ദൗത്യത്തിൽ കേരള ലത്തീൻസഭയോടൊന്നുചേർന്ന് മുന്നേറുന്നതിന്റെ അടയാളമാണ് ഈ മിഷൻ കുരിശ്. സുവിശേഷപ്രഘോഷണദൗത്യത്തിൽ ത്യാഗങ്ങൾ സഹിച്ചുകൊണ്ടും അതുവഴിയുണ്ടാകുന്ന പ്രയാസങ്ങളെ സസന്തോഷം ഏറ്റെടുത്തുകൊണ്ടും മുന്നോട്ടുപോകാൻ ഈ കുരിശ് നമ്മെ സഹായിക്കും.

മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും വിജയത്തിനായും തുടർന്നുള്ള പരിപാടികൾ നന്നായി ക്രമപ്പെടുത്തുന്നതിനായും എല്ലാവരുടെയും പ്രാർഥനയും സഹായസഹകരണങ്ങളും അപേക്ഷിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**✠ സൂസപാക്യം എം.**
*കെ.ആർ.എൽ.സി.ബി.സി അദ്ധ്യക്ഷൻ*
*തിരുവനന്തപുരം മെത്രാപ്പോലീത്ത*

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ മെത്രാപ്പോലിത്ത*

---

N.B.: ഈ സർക്കുലർ 2017 ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## CIRCULAR - 29

# ധന്യയായ സി. റാണി മരിയ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

***യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,***

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കാ 4,18-19). 2017 നവംബർ 4-ാം തീയതി വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്ന ധന്യയായ സി. റാണി മരിയയുടെ നാല്പത്തൊന്നു വർഷത്തെ ജീവിതവും പ്രവർത്തനങ്ങളും ഈ തിരുവചനത്തിൽ ആഴപ്പെട്ടതാണ്. യേശുനാഥന്റെ സ്നേഹപൂർവകമായ വിളിക്ക് ഔദാര്യത്തോടെ പ്രത്യുത്തരം നല്കിക്കൊണ്ട് സന്ന്യാസദൈവവിളിയിൽ വിശ്വസ്തതപുലർത്തുന്നതിനുള്ള ഒരു മഹനീയ മാതൃകയായി ഫ്രാൻസിസ്കൻ ക്ലാരസഭാംഗമായ സി. റാണി മരിയ നിലകൊള്ളുന്നു.

എറണാകുളം അങ്കമാലി അതിരൂപതയിൽ പുല്ലുവഴി ഇടവകയിലെ വട്ടാലിൽ കുടുംബത്തിൽ പൈലി, ഏലീശ്വ ദമ്പതികളുടെ ദ്വിതീയ സന്താനമായി 1954 ജനുവരി 29-ന് സി. റാണി മരിയ ജനിച്ചു. ഫെബ്രുവരി 5-ാം തീയതി, പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ മാമ്മോദീസാ സ്വീകരിക്കുകയും മറിയം എന്ന പേര് ലഭിക്കുകയും ചെയ്തു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും വളർത്തികൊണ്ടു വന്നു. അവർ സ്റ്റീഫൻ, ആനീസ്, വർഗീസ്, ത്രേസ്യാമ്മ, സി. സെൽമി പോൾ, ലൂസി എന്നിവരാണ്. മറിയം എന്ന മേരിക്കുഞ്ഞ് 1961-ൽ 7-ാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും 1966-ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു.

മേരിക്കുഞ്ഞ് സൽസ്വഭാവിയായ ഒരു ബാലികയായിരുന്നുവെന്നും അവൾ ലളിതമായ വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും

ആഭരണങ്ങൾ അണിയുന്നതിൽ താല്പര്യം ഉണ്ടായിരുന്നില്ല എന്നും സഹോദരൻ സ്റ്റീഫൻ പറയുന്നു. അവളുടെ വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ ആരെയും ഉപദ്രവിച്ചിരുന്നില്ല. എന്തെങ്കിലും തെറ്റുപറ്റിയാൽ അവൾ അതിന് ക്ഷമ ചോദിച്ചിരുന്നു. മാതാപിതാക്കൾ അവളിൽ അഭിമാനം കൊണ്ടിരുന്നു. മറ്റു കുഞ്ഞുങ്ങളിൽനിന്ന് വ്യത്യസ്തമായി അവൾക്കു നല്ല അനുസരണമുണ്ടായിരുന്നുവെന്ന് മകളെക്കുറിച്ച് അമ്മ ഏലീശ്വ പറയുന്നു.

1972 ജൂലൈ 3-ാം തീയതി ഫ്രാൻസിസ്കൻ ക്ലാരസഭയുടെ എറണാകുളം തിരുഹൃദയ പ്രോവിൻസിൽ ചേരുന്നതിനായി മേരിക്കുഞ്ഞും ബന്ധു സിസിലിയും കിടങ്ങൂർ മഠത്തിൽ എത്തിച്ചേർന്നു. പരിശീലനത്തിനുശേഷം 1974 മെയ് 1-ന് ആദ്യവ്രതവാഗ്ദാനം നടത്തി. 1975-ൽ മിഷൻപ്രവർത്തനത്തിനായി ബിജ്നോർ രൂപതയിലേക്കയയ്ക്കപ്പെട്ടു. തീക്ഷ്ണതയോടുകൂടി, യേശുവിനെ അറിയാത്ത ജനങ്ങൾക്കിടയിൽ അവിടത്തേക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് ജീവിച്ചു. 1980 മെയ് 22-ന് നിത്യവ്രതവാഗ്ദാനം നടത്തി. 1982-ൽ സാമൂഹ്യശാസ്ത്രത്തിൽ ബിരുദവും നേടി.

1983-ൽ സത്നാ രൂപതയിലെ ഓഡ്ഗഡിയിലേക്ക് സ്ഥലംമാറ്റപ്പെട്ടു. അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനായി പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ആത്യന്തികമായി ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഏവരെയും ആനയിക്കുക എന്നതായിരുന്നു സിസ്റ്ററിന്റെ ലക്ഷ്യം. പ്രവർത്തനത്തിനിടയിൽ പലവിധ വെല്ലുവിളികളും എതിർപ്പുകളും നേരിടേണ്ടിവന്നു. അവിടെയെല്ലാം നഷ്ടധൈര്യയാകാതെ മുന്നേറുവാൻ ദിവ്യകാരുണ്യസന്നിധിയിൽനിന്ന് ശക്തി ആർജിച്ചിരുന്നു. "കർത്താവിനുവേണ്ടിയും അവിടത്തെ മക്കൾക്കുവേണ്ടിയും നന്മചെയ്യുമ്പോൾ നാം നിശിതമായി വിമർശിക്കപ്പെടാം. എതിർപ്പുകൾ ഉണ്ടാവാം, മരണം തന്നെയും സംഭവിക്കാം. എന്നാൽ നാം ധൈര്യമായി മുന്നോട്ടുപോകണം" എന്ന് സിസ്റ്റർ പറഞ്ഞിരുന്നു. കർത്താവിനെക്കുറിച്ച് ഒരു വാക്കെങ്കിലും ആരോടെങ്കിലും പറയാതെ ഒരു ദിവസം

പോലും കടത്തിവിടരുത് എന്നതു സിസ്റ്ററിനു നിർബന്ധമായിരുന്നു. റാണി മരിയയുടെ നോവീസ് മിസ്ട്രസ്സ് സി. ഇൻഫെന്റ് മേരി പറയുന്നു "ആദ്ധ്യാത്മികതയിൽ കടഞ്ഞെടുത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സി. റാണി മരിയ."

1992 മുതൽ ഇൻഡോർ രൂപതയിലെ ഉദയനഗർ ആയിരുന്നു റാണി മരിയയുടെ പ്രേഷിതരംഗം. സിസ്റ്ററിന്റെ ആഗമനം ഉദയനഗറിലെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഒരു പുതുജീവൻ പ്രദാനംചെയ്തു. വീരോചിതമായ ഉപവിപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാൻ പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ പലിശയില്ലാതെ പണം കടമെടുക്കുവാൻ അവരെ പ്രാപ്തരാക്കി. സാമൂഹികോന്നമനത്തിനായുള്ള സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ആളുകളെ ആകർഷിച്ചു. അതു ചിലരെ ക്രൈസ്തവമതം സ്വീകരിക്കുന്നതിനും പ്രാപ്തരാക്കി. ജന്മിമാർക്കും പണം കടംകൊടുക്കൽ തൊഴിലാക്കിയിരുന്നവർക്കും വരുമാനം കുറയാൻ ഇതു കാരണമായി. അത് സിസ്റ്ററിനോട് അവർക്കു വെറുപ്പിനു കാരണമായിത്തീർന്നു. "സമർപ്പിതരായ നാം ഭയപ്പെട്ടിരുന്നാൽ ആരാണ് ഈ പാവങ്ങളുടെ കാര്യം നോക്കുക. അവരും നമ്മുടെ സഹോദരങ്ങളല്ലേ" എന്നു പറഞ്ഞ് സിസ്റ്റർ സമൂഹത്തിലെ സഹോദരിമാർക്ക് ഉന്മേഷം പകർന്നിരുന്നു. പാവങ്ങൾക്കുവേണ്ടി ജോലിചെയ്യുവാനാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉറച്ച ബോദ്ധ്യം സി. റാണി മരിയയ്ക്കുണ്ടായിരുന്നു.

1994 ഡിസംബർമാസത്തിൽ സെമിലിഗ്രാമത്തിൽ ഉണ്ടായ ഒരു വഴക്ക് സമാധാനത്തിൽ തീർക്കാൻ സി. റാണി മരിയ പരിശ്രമിച്ചു. പക്ഷേ സിസ്റ്ററിന്റെ പരിശ്രമങ്ങളെല്ലാം വിഫലമായി. അത് പോലീസ് കേസായി മാറി. നിരപരാധികളായ പല കത്തോലിക്കരെയും ജയിലിൽ അടച്ചു. അവരെ ജയിലിൽ നിന്ന് മോചിപ്പിക്കുവാൻ സി. റാണി നടത്തിയ പരിശ്രമങ്ങൾ എതിരാളികളുടെ വൈരാഗ്യം വർദ്ധിക്കാൻ കാരണമായി. അത് സി. റാണി മരിയയുടെ കഥകഴിക്കണമെന്നുള്ള ഒരു തീരുമാനത്തിലേക്ക് അവരെ നയിച്ചു.

1995 ഫെബ്രുവരി 25-ന് സി. റാണി മരിയ ഉദയനഗറിൽനിന്ന് ഇൻഡോറിലേക്കുള്ള ബസ് യാത്രയ്ക്ക് ഇടയിൽ നച്ചൻബോർ മല

യിൽ സഹയാത്രികർക്കുമുമ്പിൽ സമുന്ദർ സിംഗ് എന്ന വാടക കൊല യാളിയുടെ 54 കുത്തുകളേറ്റ് യേശു, യേശു എന്ന നാമം വിളിച്ചുകൊണ്ട് മരണമടഞ്ഞു. വിവരം അറിഞ്ഞയുടൻ ഇൻഡോർ ബിഷപ്പ് ജോർജ്ജ് ആനാത്തിലും ഏതാനും വൈദികരും കൂടി സ്ഥലത്ത് എത്തി മൃതശ രീരം പോലീസ് സ്റ്റേഷനിൽ എത്തിച്ചു. അനന്തര നടപടികൾക്കു ശേഷം മൃതശരീരം ഇൻഡോർ ബിഷപ്പ് ഹൗസിൽ പൊതു ദർശന ത്തിനായി വച്ചു. ഫെബ്രുവരി 27-ന് 7 ബിഷപ്പുമാരും നൂറു കണക്കിന് വൈദികരും ആയിരക്കണക്കിന് ആളുകളും പങ്കെടുത്ത മൃതസംസ്കാര പ്രദക്ഷിണം 102 കിലോമീറ്റർ അകലെയുള്ള ഉദയനഗറിലേക്ക് 125 വാഹ നങ്ങളിലായി നീങ്ങി. ഉദയ നഗർ പള്ളിയുടെ സമീപത്ത് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സി. റാണി മരിയയെ അടക്കംചെയ്തു.

ദിവ്യമണവാളനോടുള്ള വ്യക്തിപരമായ സ്നേഹമാണ് അവളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ അന്തഃസത്തയായിരുന്നത്. ആ സ്നേഹ ത്താൽ പ്രേരിതയായി, അനുനിമിഷം തന്റെ ദിവ്യമണവാളനുമായി അനുരൂപപ്പെടുവാൻ തന്റെ അവസാനതുള്ളി രക്തവും ചിന്തി ജീവൻ അർപ്പിച്ചു. “സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല” (യോഹ15,13) എന്ന തിരുവചനം സിസ്റ്ററിന്റെ കല്ലറയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധർക്ക് വേണ്ടിയുള്ള തിരു സംഘത്തിലെ 9 പേരടങ്ങുന്ന ദൈവശാസ്ത്ര കമ്മീഷൻ ഐകക ണ്ഠേന സി. റാണിമരിയയുടെ രക്തസാക്ഷിത്വം അംഗീകരിച്ചു. അവർ ഇപ്രകാരം പ്രസ്താവിച്ചു. “വിശ്വാസത്തോടുള്ള വെറുപ്പ് പ്രഘോഷിക്ക പ്പെടുന്ന സദ്വാർത്തയോടുള്ള വെറുപ്പിൽ മാത്രം ഒതുങ്ങിനില്ക്കുന്നി ല്ല. പിന്നെയോ അജപാലനപ്രവർത്തനത്തിലൂടെ ദൈവവചനത്തെ സമൂ ർത്തമാക്കുന്നവരിലേക്കും വ്യാപിക്കുന്നു.”

സി. റാണി മരിയ കൊല്ലപ്പെട്ടത് രാഷ്ട്രീയമോ സാമ്പത്തികമോ സാമുദായികമോ ആയ കാര്യങ്ങൾക്കുവേണ്ടിയല്ല. പ്രത്യുത, അവളുടെ ആഴമായ ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ഉതിർന്ന സ്നേഹം, സത്യം, നീതി എന്നീ ദൈവരാജ്യ മൂല്യങ്ങൾക്കു വേണ്ടിയാണ്. സി. റാണിമരിയയുടെ രക്തസാക്ഷിത്വത്തിന്റെ പിന്നിൽ വിവിധകാരണങ്ങൾ കാണാം - കൊല്ലുവാൻ പ്രേരിപ്പിച്ച ആളിന്റെ വ്യക്തിവൈരാഗ്യം, പാവ ങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന കാരുണ്യ പ്രവൃത്തികൾ, പാവ

പ്പെട്ട ആളുകളെ ക്രൈസ്തവ മതത്തിലേക്ക് മാനസാന്തരപ്പെടുത്തുന്നു എന്ന സംശയം എന്നിങ്ങനെ.

കേരള സഭയുടെ അഭിമാനപുത്രിയും ധീരരക്തസാക്ഷിയുമായ സി. റാണി മരിയയുടെ ജീവിതമാതൃകയും മാധ്യസ്ഥ്യശക്തിയും നമുക്ക് പ്രചോദനവും ശക്തിയുമാകട്ടെ. കേരളസഭാതനയരിൽ ഒരാൾ കൂടി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നത് നമുക്കേവർക്കും അഭിമാനാർഹമാണ്. വിശുദ്ധരുടെ ജീവിതവും മാധ്യസ്ഥ്യശക്തിയുമാണ് സഭയെ ബലപ്പെടുത്തുകയും കൂട്ടായ്മയിൽ ഉറപ്പിക്കുകയും ചെയ്യുന്നത്. സി. റാണി മരിയ വട്ടാലിൽ എഫ്.സി.സി., തന്റെ ജീവിതത്തിന്റെ അവസാനവർഷങ്ങൾ ചെലവഴിക്കുകയും 25 ഫെബ്രുവരി 1995-ന് രക്തസാക്ഷിമകുടം ചൂടുകയും ചെയ്ത ഇൻഡോറിൽ വച്ച് 2017 നവംബർ 4 രാവിലെ 10-ന് വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി നാമകരണം ചെയ്യപ്പെടും. പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിയും കർദിനാളുമായ ആഞ്ചലോ അമാത്തോ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ കുർബാനമധ്യേയാണ് ദൈവദാസി സിസ്റ്റർ റാണിമരിയ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്യപ്പെടുന്നത്. തുടർന്ന്, 2017 നവംബർ 5-ന് സി. റാണി മരിയയുടെ സാമൂഹ്യ ശുശ്രൂഷകളുടെ അവസാന വേദിയായിരുന്ന ഉദയനഗറിൽ കൃതജ്ഞതാബലിയർപ്പണം നടക്കും.

2017 നവംബർ 4 ഉച്ചകഴിഞ്ഞ് 2.45-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ സമൂഹബലിയും തിരുശേഷിപ്പ് പ്രതിഷ്ഠയും നടക്കും. വിശുദ്ധ കുർബാന മധ്യേ, കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം വചനപ്രഘോഷണം നടത്തും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ സിബിസിഐ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുഗ്രഹപ്രഭാഷണം നടത്തും. നാഗ്പൂർ രൂപതയുടെ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ എബ്രഹാം വിരുതുകുളങ്ങര, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മദർ ജനറൽ സി. ആൻ ജോസഫ്, സി. സെൽമി പോൾ തുടങ്ങിയവർ അനുസ്മരണപ്രഭാഷണം നടത്തും. കേരളസഭ

യിലെ എല്ലാ വിശ്വാസികളും നേരിട്ടോ ആത്മീയമായോ ഈ കർമങ്ങ ളിൽ പങ്കെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

"വിശ്വാസം മൂലം രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർ പ്പിച്ചു. സുവിശേഷത്തിന്റെ സത്യത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് അങ്ങനെ ചെയ്തു. ആ സത്യം അവരെ രൂപാന്തരപ്പെടുത്തി. സ്നേഹ ത്തിന്റെ ഏറ്റം വലിയ ദാനം നേടാൻ അത് അവരെ ശക്തരാക്കി. തങ്ങളെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കഴിവാണ് ആ ദാനം." (വിശ്വാസത്തിന്റെ വാതിൽ, നമ്പർ 13). സിസ്റ്റർ റാണി മരിയയക്ക് ലഭിച്ച ഈ ദാനം തുടർന്ന്, സിസ്റ്ററിന്റെ കുടുംബാംഗങ്ങൾക്കും സഭാം ഗങ്ങൾക്കും പകർന്നു ലഭിച്ചതായി കാണാം. ഭാരതത്തിൽ മാത്രമല്ല, വിദേശങ്ങളിൽപ്പോലും ഈ ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃക സ്വാധീനംചെലുത്തി. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35) എന്ന ദിവ്യനാഥന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്ന ഈ കാലഘട്ടത്തിന്റെ പ്രവാചിക സി. റാണി മരിയായെ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർ ത്തുന്നതിന് നല്ല ദൈവത്തിനു നമുക്കു നന്ദിപറയാം. "നമുക്കും അവ നോടുകൂടി പോയി മരിക്കാം" എന്ന ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ വാക്കുകൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി ക്കൊണ്ട് രക്തസാക്ഷിമകുടം ചൂടിയ വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണി മരിയ നമുക്ക് അഭിമാനവും അനുഗ്രഹവുമായി ഭവിക്കട്ടെ.

സഹോദരരിൽ, വിശിഷ്യാ ദരിദ്രരിലും നിരാലംബരിലും യേശു വിനെ ദർശിച്ച് ശുശ്രൂഷചെയ്യുന്ന എല്ലാ പ്രേഷിതരെയും ഈ അവ സരത്തിൽ പ്രത്യേകം സ്മരിക്കുന്നു. പ്രേഷിത തീക്ഷ്ണതയോടെയും സമർപ്പണ മനോഭാവത്തോടെയും സുവിശേഷപ്രഘോഷണം നട ത്തുന്ന അനേകം പ്രേഷിതർ സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകു ന്നതിന് ഇടയാകട്ടെ. ദൈവദാസി സി. റാണി മരിയയുടെ ഘാതക നോട് നിരുപാധികം ക്ഷമിച്ച് മാതൃക കാട്ടിയ വട്ടാലിൽ കുടുംബാംഗ ങ്ങളെപ്പോലെ മാതൃകാപരമായ കുടുംബജീവിതത്തിലൂടെ സഭയ്ക്കും

സമൂഹത്തിനും ശക്തിപകരാൻ എല്ലാ കുടുംബങ്ങൾക്കും സാധിക്ക ട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ദൈവം സമൃ ദ്ധമായി അനുഗ്രഹിക്കട്ടെ.

**ആർച്ച്ബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം**
**ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്**
വൈസ് പ്രസിഡന്റ്, കെസിബിസി
സെക്രട്ടറി ജനറൽ, കെസിബിസി

---

N.B. ഈ സർക്കുലർ 2017 ഒക്ടോബർ 22-ാം തീയതി ഞായ റാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## CIRCULAR - 30

## അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ 8-ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ദിവംഗതനായിട്ട് 2017 ഒക്ടോബർ 26-ാം തീയതി എട്ടു വർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ഒക്ടോബർ 26-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലിയും തുടർന്ന് കബറിടത്തിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
27.09.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

# NOTIFICATION - 12

## TRANSFERS AND APPOINTMENTS

1. **Very Rev. Fr. Francis Koikaranparambil**
   Vicar Forane , Dist II & Parish Priest
   Holy Family Church,
   S. Chittoor, Cochin - 682 027.

2. **Rev. Fr. Philip Thaiparambil**
   Parish Priest, St. Sebastian's Church,
   Edayakkunnam, S.Chittoor,
   Cheranelloor P.O- 682 027.

3. **Rev. Fr. Joseph Binu Pandaraparambil**
   Parish Priest, Our Lady of Dolours Church
   Thuthiyoor - 682 030.

4. **Rev. Fr. Antony Kocherry**
   Director , Family Commission
   Ashirbhavan, Cochin - 682 018.

5. **Rev. Fr. John Christopher Vadassery**
   Director, Youth Commission
   Ashirbhavan, Cochin - 682 018.
   & Priest in Charge
   Christ the King Church, Eloor North

6. **Rev. Fr. Sunil Martin OCD**
   Priest in Charge, Unnimisiha Church
   Kuthiathode P.O., Thelathuruthu - 683 594.

7. **Rev. Fr. Sibi Choothamparambil**
   Asst. Parish Priest
   Mount Carmel Church, Chathiath,
   Cochin - 682 012.

8. **Rev. Fr. Antony Shine Kattuparambil**
   Asst. Parish Priest,
   Our Lady of Immaculate Heart of Mary Church
   Nettoor, Cochin-682 040
   & Director , Charismatic Movement
   Director , Commission for Evangelisation (Proclamation)

9. **Rev. Fr. Joseph Rajan Kizhavana**
   Parish Priest, St. Jude Thaddeus Church
   Unichira, Cochin - 682 033.
   & Associate Manager, AISAT

10. **Rev. Fr. George Sequeira**
    Parish Priest, Our Lady of Fatima Church
    Elamkulam, Cochin - 682 020.
    & Assistant Director, Lourdes Hospital
    Pachalam, Cochin - 682 012.

11. **Rev. Fr. Jiju Cleetus Thiyadi**
    Parish Priest , St. Antony's Church
    Nedumbassery, Athany, Cochin – 683585
    & Diocesan Promoter of KCYM
    Judicial Notary, Archdiocesan Tribunal

# FORANE DIRECTORS OF CHARISMATIC MOVEMENT

**I FORANE**

**Rev. Fr. Jose Dominic Chooreparambil**
Asst. Parish Priest
Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

**II FORANE**

**Rev. Fr. Manuel Kuthukatt**
Asst. Parish Priest
Sacred Heart of Jesus Church, Kothad - 682 027.

**III FORANE**

**Rev. Fr. Lazer Sinto Thaiparambil**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.
Cochin - 682 021.

**IV FORANE**

**Rev. Fr. Augustine Baiju Kuttickal**
Priest in Charge
St. Patrick's Church
Vyttila, Kochi – 682019.

**V FORANE**

**Rev. Fr. Thadeus Babu Vavakatt**
Parish Priest
St. John the Apostle of Church
Muppathadom - 683 110.

**VI FORANE**

**Rev. Fr. Antony Thomas Thyparambil**
Asst. Parish Priest
St. Jude Thaddeus Church
Ettekar, Edathala - 683 564.

**VII FORANE**

**Rev. Fr. Antony Lijo Odathakal**
Asst. Parish Priest
St. Philomena Church & St.Kuriakose Elias Chavara Shrine
Koonammavu - 683 518.

**VIII FORANE**

**Rev. Fr. George Kuruppath**
Parish Priest
Church of Our Lady of Rosary
Murikumpadam, Azheekal P.O. - 682 510.

27-09-2017 Chancellor
Ernakulam

## CASUS
## September 2017

Of all the bereavements, a death through suicide can be the one most difficult to bear. The burdens of guilt, anger and shame among the relatives are great. The priest should, therefore, show special sensitivity and visit and console the bereaved. During the funeral rites, particularly during the requiem Mass, he should explain to the faithful the Church's present perception of suicide and encourage them to pray for God's mercy and forgiveness for the victims. After all, every funeral rite is intended to pray for forgiveness of the sins committed by the deceased. As always, the final judgement belongs to God who alone knows the human heart. We may recall here "the good thief" on Mount Calvary (*Lk 23:*42-43).

Suicide, medically known as DSH (deliberate self harm), is an ever-increasing phenomenon in our time. "Blue Whale" suicide game is an agonizing experience, a death trap that one could not extricate himself from even though he wanted to. More than one lakh Indians kill themselves every year, which means there is one suicide taking place every six minutes. Men between the ages of 18 and 25 are at the highest risk of killing themselves. Christians are not immune to this tragedy.

The 1917 code prohibited ecclesiastical burial and requiem Mass to the Christian faithful who deliberately and with full use of their faculties took their own lives (cc. 1240-1241). The rationale behind this prohibition was that allowing such services might be interpreted as condoning suicide. But in recent times, a radical change has taken place in the understanding of suicide, thanks to insights of psychology according to which most people who commit suicide are indeed sick and not morally responsible for their fateful choice. Hence, the church's teaching on this matter is quite different. It is significant to note that the *CIC* 1983 has omitted any mention of prohibition of ecclesiastical funeral to suicide victims.

1. **Q: What is the current stand of the Church regarding the possibility of funeral rite and funeral Masses for persons who are said to have committed suicide?**

A. CDF, *Declaration on Euthanasia*, 5 May 1980, in *EV*, Vol. 7, n. 353.

"…suicide is also often a refusal of love for self., the denial of the natural instinct to live, a flight from the duties of justice and charity owed to one's neighbor, to various communities or to the whole of society-although as is generally recognized, at times there are psychological factors present that can diminish responsibility or even completely remove it". CCC, nn. 2280-2283.

These perspectives have ruled out any discrimination in the celebration of the funeral rites for the suicide victims.

(The particular law of the Syro-Malabar Church, however, states that in scandalous cases of suicide the body will not be allowed to be taken inside the church and not even the simple burial may be given. Simple burial means a burial with no homily, no *Qurbana*, no use of mike, one cross and one priest for the burial, etc: See CPLSMC, p. 175).

2. **Q. Who are deprived of ecclesiastical funerals and funeral Masses in the Catholic Church?**

A. Cann. 1184-1185.

3. **Q. Which are the Prohibited Days for Funeral Mass?**

A. GIRM, n. 380

4. **Q. Who are the persons to be buried in the churches?**

A. Can. 1242.

5. **Q. Is it permitted Catholic funeral rites for non-catholic Christians?**

A. Can. 1183

6. **Q. Can non-catholic Christians be buried in a catholic cemetery?**

A. CCEO, 670, §2. See Pontifical Council for Promoting Christian Unity, Ecumenical Directory, in *EV*, Vol. 13, n. 2418. CPCSMC, c. 561; CPLSMC, p. 42. See also CIC1183, §3.

The ecumenical Directory of 1993 says that non-catholic Christians, if they do not have their own cemetery, may be buried in a catholic cemetery with the permission of the diocesan bishop, which permission may be given on a general basis or reserved for individual cases. The eparchial bishops of the Syro-Malankara as well as the Syro-Malabar Churches *sui iuris* may permit the burial of the other Christians in the catholic cemeteries in case of real need.

7. **Q. Is it necessary to record the burial and death in the parish registers and how is it recorded?**

A. 1182, 535, §1.

(It is advisable to record the death both in the parish of the burial as well as in the person's own parish).

8. **Q. What kind of funeral rite is accorded to a person who has donated his/her body for medical research?**

9. **Q. Is there any particular law in our Archdiocese in the celebration of the funeral rites for the suicide victims?**

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21